നം.റ്റി8/140647/2014
പോലീസ് ഹെഡ്ക്വോർട്ടേഴ്സ്
കേരളം, തിരുവനന്തപുരം
തീയതി: 5/02/2015

## സർക്കുലർ നം. 6/2015

വിഷയം:- സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള മോഷണ ദ്രവ്യങ്ങളുടെ റിക്കവറി നടത്തുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- 1. സർക്കാർ ഉത്തരവ് നം 1371/81 ആഭ്യന്തരം തീയതി 16.6.1981.
2. സർക്കാർ ഉത്തരവ് നം 7841/82 ആഭ്യന്തരം തീയതി 19.8.1982.
3. പി.എച്ച്.ക്യു സർക്കുലർ നം 34/04 തീയതി 21.12.2014. → 1504

മേൽ സൂചനകൾ പ്രകാരം സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള മോഷണ ദ്രവ്യങ്ങൾ റിക്കവറി ചെയ്യുമ്പോൾ പാലിക്കപ്പെടേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുണ്ടെങ്കിലും ടി നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ആൾ കേരള ഗോൾഡ് ആന്റ് സിൽവർ മെർച്ചന്റ്സ് അസോസിയേഷൻ മുഖേന നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. മോഷണ മുതൽ റിക്കവറിയുടെ പേരിൽ സ്വർണ്ണ വ്യാപാരികൾക്ക് പോലീസിന്റെ ഭാഗത്ത് നിന്നും നേരിടേണ്ടി വരുന്ന സാമ്പത്തികവും, മാനസികവും ശാരീരികവുമായ പീഢനങ്ങളാണ് പരാതികളിൽ ഉന്നയിക്കപ്പെട്ടിരിക്കുന്നത്.

ഇത്തരത്തിലുള്ള വീഴ്ചകൾ പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകാതിരിക്കാനായി താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. കസ്റ്റഡിയിലുള്ള പ്രതികളുടെ കുററ സമ്മതമൊഴി പ്രകാരം സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള മോഷണ ദ്രവ്യങ്ങൾ റിക്കവറി ചെയ്യുമ്പോൾ സ്ഥലത്തുള്ള സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ വച്ച് മഹസ്സർ തയ്യാറാക്കി അതിന്റെ ഒരു പകർപ്പ് ജുവലറി ഉടമക്ക് കൃത്യമായും നൽകിയിരിക്കണം.

2. റിക്കവറി ചെയ്യുന്ന സമയത്ത് ആഭരണങ്ങളുടെ പൂർണ്ണവിവരങ്ങൾ (ഐററം, എണ്ണം, തൂക്കം) രേഖപ്പെടുത്തി സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ജൂവലറി ഉടമയ്ക്ക് കൈപ്പററ് രസീത് നല്കിയിരിക്കണം

3. റിക്കവറി ചെയ്യുന്ന സ്വർണ്ണം അതേ അളവിൽ തന്നെ കോടതിയിൽ ഹാജരാക്കേണ്ടതാണ്.

4. മോഷണ മുതൽ വാങ്ങുന്നവരേയുംകേസുകളിൽ പ്രതിസ്ഥാനത്ത് ചേർക്കേണ്ടതാണ്.

5. സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള ആഭരണങ്ങളുടെ മോഷണം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുമ്പോൾ മോഷണദ്രവ്യങ്ങളുടെ പൂർണ്ണവിവരം ഒരു ക്രൈം മെമ്മോയുടെ രൂപത്തിൽ തയ്യാറാക്കി , അതിന്റെ ഒരു പകർപ്പ് സ്വർണ്ണം, വെള്ളി വ്യാപാരി അസോസിയേഷൻ പ്രതിനിധികൾക്ക് നൽകിയിരിക്കണം. മോഷണ മുതൽ കൈമാററം ചെയ്യാൻ വരുന്ന വിവരം പോലീസിനെ അറിയിക്കുന്നതിന് വേണ്ടിയാണ്.

6. മോഷണമുതൽ വാങ്ങുന്ന വ്യാപാരികളെക്കുറിച്ച് വിവരം ലഭിക്കുക യാണെങ്കിൽ, ആ വിവരം പോലീസിനെ അറിയിക്കേണ്ടതാണെന്നുള്ള നിർദ്ദേശം അസോസിയേഷൻ ഭാരവാഹികൾക്ക് നൽകേണ്ടതാണ്.

7. നിയമാനുസരണമല്ലാത്ത യാതൊരുനടപടിയും പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകാൻ പാടില്ല.

8. റിക്കവറി സംബന്ധമായി സുതാര്യത ഉറപ്പാക്കണം.

9. മാറിവരുന്ന സാഹചര്യമനുസരിച്ച് റിക്കവറി പ്രക്രിയയിൽ ഹൈടെക് സംവിധാനം കൂടി ഉൾപ്പെടുത്തേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾക്ക് വിപരീതമായി ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചാൽ അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാന പോലീസ് മേധാവി 5/3/15

1201

പകർപ്പ്: എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും അറിവിലേക്കും അനന്തര നടപടികൾക്കും വേണ്ടി.

സി.എ എസ്.പി.സി/ എ.ഡി.ജി.പി (എച്ച് ക്യൂ), എ.ഡി.ജി.പി (മോഡ്), എ.ഡി.ജി.പി (എസ്.എസ്ബറവി).

സ്റ്റോക്ക് ഫയൽ/സർക്കുലർ രജിസ്റ്റർ